# കൃഷിമന്ത്രി നീരയെ തകർക്കുന്നുവെന്ന്

കൊച്ചി: നീരയെ തകർക്കാൻ കൃഷിമന്ത്രി കെ.പി. മോഹനൻ ശ്രമിക്കുന്നതായി നാളികേര ഉത്പാദക കമ്പനികളുടെ കൺസോർഷ്യം ആരോപിച്ചു.

നീര പ്ലാന്റുകൾ സ്ഥാപിക്കാൻ മന്ത്രിസഭ അനുവദിച്ച 15 കോടി തട്ടിയെടുക്കാനാണ് രണ്ട് പതിറ്റാണ്ടായി പ്രവർത്തനം നിലച്ചുകിടന്ന നാളികേര വികസന കോർപറേഷനെ വീണ്ടും രംഗത്ത് കൊണ്ടുവരുന്നതെന്ന് കൺസോർഷ്യം ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു. കഴിഞ്ഞ ദിവസം ഇതേ ആരോപണവുമായി കർഷക കോൺഗ്രസും രംഗത്തുവന്നിരുന്നു.

നാളികേര വികസന കോർപറേഷന് നീര ചെത്താനുള്ള ഒരു സംവിധാനവുമില്ല. പ്ലാന്റില്ല, ലൈസൻസിന് അപേക്ഷിച്ചിട്ടുപോലുമില്ല. എന്നിട്ടും അവർ നവംബർ ഒന്നിന് എല്ലാ ജില്ലയിലും നീര വില്പന തുടങ്ങുമെന്ന് പ്രഖ്യാപിച്ചതിൽ ദുരൂഹതയുണ്ട്. കൃഷി മന്ത്രിക്ക് ഇക്കാര്യത്തിൽ സംശയകരമായ താത്പര്യങ്ങളുണ്ടെന്നും ഇവർ പറഞ്ഞു.

12 ഉത്പാദക കമ്പനികളുടെ ഭാരവാഹികൾ ഇന്നലെ കൊച്ചിയിൽ യോഗം ചേർന്നാണ് കൺസോർഷ്യം രൂപീകരിച്ചത്. പത്രസമ്മേളനത്തിൽ ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിള, വൈസ് ചെയർമാൻമാരായ സണ്ണി ജോർജ്ജ്, വിനോദ്കുമാർ, ജനറൽ സെക്രട്ടറി നാസർ പൊന്നാട് എന്നിവർ പങ്കെടുത്തു.